പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ ലഭ്യമാക്കാൻ നടപടി

12(*132) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ ലഭിക്കാത്തതുമൂലം അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുൻകൂറായി നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ&ബി) വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇപ്പോൾ വർഷാരംഭത്തിൽ തന്നെ നൽകുന്നുണ്ട്. പ്രീ മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലംസ്പംഗ്രാന്റ് മുൻകൂറായി അനുവദിക്കുന്നു. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും ആദ്യത്തെ അഞ്ചുമാസത്തെ സ്റ്റൈപ്പന്റും മുൻകൂറായി നൽകുന്നു. അടുത്ത അഞ്ചു മാസത്തെ സ്റ്റൈപ്പന്റ് ഡിസംബർ മാസം മുൻകൂറായി തന്നെ നൽകുന്നു. പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 'ഇ-ഗ്രാന്റ്സ്' പദ്ധതിയിലൂടെ ആനുകൂല്യം അനുവദിക്കുന്നതിനാൽ മുൻകൂറായി നൽകേണ്ട ആവശ്യം വരുന്നില്ല.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

13(*133) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ നടത്തിപ്പിലെ മികവ് പരിഗണിച്ച് സംസ്ഥാനത്തിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) എത്ര ബി.പി.എൽ. കുടുംബങ്ങളെ ഇതിനകം പദ്ധതിയിൽ ചേർത്തിട്ടുണ്ടെന്നും എത്ര എപിഎൽ കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ നിന്നും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുമോ :

(ഇ) ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ,

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പും ആരോഗ്യ കുടുംബക്ഷേമ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും യോജിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നോഡൽ വകുപ്പായി തൊഴിൽ വകുപ്പ് പ്രവർത്തിക്കുന്നു. പദ്ധതി നിർവ്വഹണത്തിന് സംസ്ഥാനത്ത് മേൽനോട്ടം വഹിക്കുന്നത് തൊഴിൽ വകുപ്പുമന്ത്രി അദ്ധ്യക്ഷനായും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷയായും, പ്ലാനിംഗ് ബോർഡ് മെമ്പർ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ, ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടർ തുടങ്ങിയവരടങ്ങുന്ന ഉന്നതാധികാര സൂപ്പർ വൈസറി കൗൺസിലാണ്. ജില്ലാതലത്തിൽ അതത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ ലേബർ ഓഫീസർ കൺവീനറായുമുള്ള കോർ കമ്മിറ്റിയാണ് പദ്ധതി നടത്തിപ്പിനു മേൽനോട്ടം വഹിക്കുന്നത്. മേൽപ്പറഞ്ഞ സമിതികൾ ആവശ്യമായ ഘട്ടങ്ങളിൽ യോഗം ചേർന്ന് പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുകയും പ്രശ്നങ്ങളിൽ ഇടപെട്ടു പരിഹരിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു വരുന്നു. മന്ത്രി തലത്തിലും വകുപ്പു സെക്രട്ടറി തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നു. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും മറ്റു ബഹുജന സംഘടനാ പ്രതിനിധികളുടെയും സഹായത്തോടെയാണ് പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്ന പ്രക്രിയ വിജയകരമായി നടപ്പിലാക്കുന്നത്.

(ബി) ആദ്യ വർഷം "Outstanding commitment in terms of Initiative Innovation and Institutional building in the implementation of Rashtriya Swasthya Bhima Yojana Awarded to State of Kerala" എന്ന ദേശീയ പുരസ്കാരം സംസ്ഥാനത്തിനും 'Best Performance'-നുള്ള ദേശീയ പുരസ്കാരം ചിയാക്കിനും ലഭിച്ചു. 2010-ൽ കേരളത്തിനു maximum Utilization of the Scheme-നു ദേശീയ പുരസ്കാരവും ചിയാക്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് Individual Committment-ന് ദേശീയ അവാർഡും ലഭിച്ചു.

(സി) ബി.പി.എൽ. വിഭാഗത്തിൽ 17.34 ലക്ഷവും എ.പി.എൽ. വിഭാഗത്തിൽ 1.40 ലക്ഷവും കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) ഈ വർഷം ഹൃദ്രോഗം, വൃക്കരോഗം, കാൻസർ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി സംസ്ഥാന സർക്കാർ 70,000 രൂപയുടെ ചികിത്സാ സൗജന്യം ചിസ്സ് പ്ലസ്സ് പദ്ധതി മുഖേന അധികമായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly